Circular No.127
മദ്യവിരുദ്ധ ഞായർ 2013

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 15 - 01 - 2013

പ്രിയ ബഹു. അച്ചാ,

ആഗോള കത്തോലിക്കാ സഭ വിശ്വാസവർഷം ആചരിക്കുന്ന ഈ കാലഘട്ടത്തിൽ, അർത്ഥവത്തായ വിശ്വാസജീവിതത്തിന്റെയും വിശ്വാസ കൈമാറ്റത്തിന്റെയും ആവശ്യകതയും സാധ്യതകളും സഭയിൽ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിശ്വാസരൂപീകരണത്തിന്റെയും വിശ്വാസജീവിതത്തിന്റെയും പ്രഥമവും പ്രധാനവുമായ വേദി കുടുംബമാണ്. സഭയുടെ അടിസ്ഥാന യൂണിറ്റായ ഗാർഹികസഭയെന്നു തന്നെ വിശേഷിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ, വിശ്വാസോചിതമായി ബലപ്പെടുത്തുകയെന്നത് സഭാശുശ്രൂഷയിൽ സവിശേഷസ്ഥാനം അർഹിക്കുന്ന വിഷയമാണ്.

ഇന്ന് നമ്മുടെ കുടുംബങ്ങളെയും സമൂഹത്തെയും നശിപ്പിക്കുന്ന പ്രധാന വിപത്തുകളിലൊന്ന് മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും അനിയന്ത്രിതമായ ഉപയോഗമാണ്. ആയതിനാൽ, കെ.സി.ബി.സി. ജനുവരി 27-ാം തീയതി മദ്യവിരുദ്ധ ഞായറായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഉണരുക, ഇതാണ് സമയം. വിവാഹം, മാമ്മോദീസാ, പ്രഥമ ദിവ്യകാരുണ്യസ്വീകരണം, മറ്റ് ആഘോഷാവസരങ്ങൾ, എന്തിനേറെ ചിലപ്പോഴൊക്കെ മരണാവസരങ്ങളിൽ പോലും മദ്യത്തിന്റെ ലഹരി കുടുംബവേദിയിൽ നിറഞ്ഞുനിൽക്കുന്നു. കുടുംബവും സമൂഹവും മദ്യത്തിന്റെ അമിത ഉപയോഗം മൂലം ശൈഥില്യത്തിന്റെ വക്കിലെത്തിനിൽക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാടെന്നു അഭിമാനിക്കുന്ന കേരളം ഇന്ന് ലഹരിയുടെ സ്വന്തം നാടായി മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യജീവനെയും ജീവിതത്തെയും നശിപ്പിക്കുന്ന ലഹരിയുടെ ഉപയോഗത്തിനെതിരെ പ്രതികരിക്കുവാനും പ്രവർത്തിക്കാനുമുള്ള സഭയുടെ ഉത്തരവാദിത്വത്തിന്റെയും പ്രവാചകദൗത്യത്തിന്റെയും ഭാഗമായിട്ടാണ് കേരളസഭ മദ്യവിരുദ്ധ ഞായർ ആചരിക്കുന്നത്.

ലഹരിയിൽ ഹോമിക്കപ്പെടുന്ന ജീവിതങ്ങൾ നമ്മുടെ ചുറ്റുപാടും ധാരാളമുണ്ട്. ഓരോ വർഷവും കേരളത്തിൽ മദ്യത്തിന്റെ ഉപയോഗം കൂടിവരുന്നു. കേരളത്തിലെ മദ്യത്തിന്റെ ഉപയോഗം ദേശീയശരാശരിയുടെ ഇരട്ടിയാണെന്നത് നമ്മുടെ കണ്ണു തുറപ്പിക്കണം. മദ്യത്തിന്റെ അമിത ഉപയോഗം മൂലം കുടുംബത്തിലും സമൂഹത്തിലും അക്രമവും അരാജകത്വവും കൂടിവരുന്നു. മദ്യലഹരിയിൽ എന്തു പൈശാചിക പ്രവർത്തിയും ചെയ്യുവാൻ മനുഷ്യനു മടിയില്ലാതെയായി. മദ്യപാനശീലം ഇന്ന് പ്രായമായവരെയും യൗവനത്തെയും കടന്ന് കൗമാരക്കാരിൽ എത്തിനിൽക്കുന്നു. ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ മനുഷ്യജീവനും ജീവിതവും മനുഷ്യോചിതമായ സാഹചര്യങ്ങളും തകർക്കപ്പെടുകയാണ്. മദ്യത്തോടുള്ള ആസക്തിയുടെ ഫലമായി കുടുംബങ്ങളിലെ സമാധാനാന്തരീക്ഷം തകർക്കപ്പെടുന്നതും, സമൂഹത്തിൽ അക്രമവും അരാജകത്വവും വളരുന്നതും നമ്മുടെ കുഞ്ഞുങ്ങൾപോലും സുരക്ഷിതമല്ലാത്ത സാഹചര്യത്തിൽ എത്തിനിൽക്കുകയും ചെയ്യുന്നത് ഇക്കാര്യത്തിലുള്ള നമ്മുടെ ഉത്തരവാദിത്വത്തെ ഓർമ്മപ്പെടുത്തുന്നുണ്ട്.

ജീവന്റെ മഹത്വത്തെ ഉയർത്തിപ്പിടിക്കുകയും ജീവന്റെ സംസ്കാരത്തെ പോഷിപ്പിക്കുകയും ചെയ്യുക എന്നത് സഭയുടെ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമാണ്. മദ്യം വിതയ്ക്കുന്ന മരണ സംസ്കാരത്തിനെതിരെ പ്രവർത്തിക്കുന്നതും സ്വയം അതിൽ നിന്നു വിട്ടുനിൽക്കുന്നതും വിശ്വാസത്തെ ഗൗരവമായി കാണുന്ന ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവന്റെ ഉത്തരവാദിത്വത്തിന്റെ ഭാഗമാണ്. അതുകൊണ്ടുതന്നെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുന്നത് അങ്ങേയറ്റം ശ്ലാഘനീയവുമാണ്.

മദ്യവിമുക്ത സഭയും സമൂഹവും കെട്ടിപ്പടുക്കുവാൻ കെ.സി.ബി.സി. തലത്തിൽ 1998 ൽ രൂപപ്പെട്ട സഭാസംവിധാനമാണ് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി. നമ്മുടെ അതിരൂപതയിൽ

1994 ൽ രൂപീകൃതമായ ടെംപറൻസ് കമ്മീഷൻ കെ.സി.ബി.സി. മദ്യവിരുദ്ധ  സമിതിയുടെ അതിരൂപതാ ഘടകമായി പ്രവർത്തിച്ചുകൊണ്ട് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. വിശ്വാസവർഷം ആചരിക്കുന്ന ഈ കാലഘട്ടത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിലും മദ്യവിരുദ്ധ സമിതികൾ ഉണ്ടാവുകയും പ്രസ്തുത സമിതിയുടെ ആഭിമുഖ്യത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും മദ്യവിരുദ്ധ പ്രവർത്തനം നടത്തുകയും ചെയ്യുക എന്നത് ഏറെ അഭികാമ്യമാണ്. പ്രത്യേകിച്ച് യുവജനങ്ങളുടെ ഇടയിലും വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ ഇടയിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്, മദ്യത്തിന്റെ നീരാളി പിടുത്തത്തിൽ നിന്ന് വരും തലമുറയെ രക്ഷിക്കാൻ ഏറെ ഉപകരിക്കും. അതോടൊപ്പം വ്യക്തിപരമായ ജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹത്തിൽ മൊത്തത്തിലും, മദ്യാസക്തി ഉളവാക്കുന്ന നിഷേധാത്മകഫലങ്ങളെക്കുറിച്ച് അവബോധമുള്ളവരായി മദ്യത്തിന്റെയും മറ്റ് ലഹരിവസ്തുക്കളുടെയും ഉപയോഗത്തിൽ നിന്നു സ്വയം വിട്ടുനിൽക്കുന്നതിനുള്ള ശ്രദ്ധയും താൽപര്യവും നാം കാണിക്കണം.

നമ്മുടെ ആഘോഷാവസരങ്ങളിൽ മദ്യത്തിനു മാന്യത നൽകുന്ന സംസ്കാരത്തെ നിരുത്സാഹപ്പെടുത്തണം. പൊതുവേദിയിലുള്ള മദ്യപാനവും മദ്യവിതരണവും ഒരു തരത്തിലും ഭൂഷണമല്ല. മദ്യത്തിന്റെ ഉപയോഗം അടിസ്ഥാനപരമായി മനുഷ്യന്റെ മാന്യതയെ നശിപ്പിക്കുമെന്ന തിരിച്ചറിവ് നാം ഓരോരുത്തരും സ്വന്തമാക്കണം. ഓരോ കുടുംബവും എന്റെ കുടുംബത്തിൽ എന്തുവന്നാലും മദ്യം വിളമ്പുകയില്ലെന്ന നിലപാടു സ്വീകരിച്ചാൽ നമ്മുടെ കുടുംബങ്ങളിൽ മദ്യത്തിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുമെന്നു കരുതുന്നു.

നമ്മുടെ സമുദായ സംഘടനകളായ KCC, KCWA, KCYL എന്നിവയ്ക്ക് ഇക്കാര്യത്തിൽ ഗണ്യമായ സംഭാവന നൽകാൻ സാധിക്കുമെന്ന് അവരെ അനുസ്മരിപ്പിക്കുകയും മദ്യവിരുദ്ധ സംസ്കാരം രൂപപ്പെടുത്തുവാൻ അവർ മുന്നിട്ടിറങ്ങുകയും ചെയ്യണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ജാഗ്രതയുള്ളവരായിരിക്കുവാൻ കാലഘട്ടത്തിന്റെ സൂചനകൾ നമ്മെ നിർബന്ധിക്കുന്നുണ്ട്. ആരും അകന്നു നിൽക്കാതെയും പരസ്പരം പഴി ചാരാതെയും മദ്യവിരുദ്ധ പ്രവർത്തനങ്ങളിൽ കൂട്ടുത്തരവാദിത്വത്തോടെ നമുക്കു പ്രവർത്തിക്കാം. നമ്മുടെ സ്കൂളുകളും കോളേജുകളും വഴി, ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ തുടങ്ങണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മാതാപിതാക്കൾ, അധ്യാപകർ, സമൂഹനന്മയുടെ വക്താക്കളായ മതങ്ങൾ, സനന്നദ്ധ സംഘടനകൾ, പൊതുജനനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ജനപ്രതിനിധികൾ, ഭരണകർത്താക്കൾ എന്നിങ്ങനെ എല്ലാവരും ഒരുമിച്ചു നിന്ന് നമ്മുടെ നാടിനെ തെറ്റുകളിലേയ്ക്ക് നയിക്കുന്ന മദ്യാസക്തിക്കെതിരെ ഒന്നിച്ചുനിന്നു പ്രവർത്തിക്കണം. വിശ്വാസവർഷം ആചരിക്കുന്ന നമുക്ക്, നമ്മുടെ വിശ്വാസത്തിന്റെ അനുഷ്ഠാനത്തിനും ആഘോഷത്തിനും നിരക്കാത്ത, മരണസംസ്കാരം വിതയ്ക്കുന്ന മദ്യാസക്തിക്കെതിരെ നിലകൊള്ളാൻ സാധിക്കട്ടെയെന്നു ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. 2013 ജനുവരി 27-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ നമ്മുടെ എല്ലാ ഇടവകയിലും വായിക്കേണ്ടതാണ്. ഈ വിഷയം കൂടാരയോഗത്തിൽ ചർച്ച ചെയ്യേണ്ടതുമാണ്.